

കൂട്ടുകാരേ,

ഒരിടത്തൊരിടത്ത്...
കഥ കേൾക്കാൻ കൊതിക്കുന്നവരാണ്
നാം. സങ്കല്പ ലോകത്ത്
കൂട്ടിക്കൊണ്ടുപോകാനും
അത്ഭുതകാഴ്ചകൾ പകർന്നുതരാനും
കഥയ്ക്കുള്ള കഴിവ് അപാരമാണ്.
കൂട്ടുകാരുടെ ഭാവനയ്ക്ക് ചിറകുകൾ
നൽകാനും കഥകൾക്ക് കഴിയും.
കഥകൾ വായിക്കാനും പറയാനും
എന്തു രസമാണല്ലേ...!
ഇതാ നിങ്ങൾക്കായി കുറച്ചു കഥ
കൾ...
ഒരു വർണപ്പമ്പരം പോലെ...
മനസ്സിൽ കൗതുകമുണർത്തുന്നവ...
വായിച്ചു രസിക്കാം...

ആശംസകളോടെ...

ഡോ.എ.പി.കുട്ടിക്കൃഷ്ണൻ
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ
സമഗ്രശിക്ഷാ കേരളം

പവിഴമല്ലി

## ഉള്ളടക്കം


1. മാന്ത്രികപ്പെൻസിൽ
2. കുറുവാലിയും കൂട്ടുകാരും
3. കണ്ണുണ്ടായാൽ പോരാ കാണണം
4. പനിനീർപ്പൂവ്
5. ചെറിയ മനുഷ്യൻ





***തയാറാക്കിയത്***

സമഗ്രശിക്ഷാ, കേരളം

നന്ദാവനം, തിരുവനന്തപുരം

***അവലംബം***

എസ്.സി.ഇ.ആർ.ടി., കേരളം



# 1

# മാന്ത്രികപ്പെൻസിൽ

ഉണ്ണിക്കുട്ടൻ കരിക്കട്ടയെടുത്തു. മൺചുമരിൽ നേരത്തേ വരച്ച എലിയുടെയും പൂച്ചയുടെയും തത്തയുടെയും ഇടയിൽ മറ്റൊരു ചിത്രം കൂടി വരച്ചു. തൊപ്പി വച്ച്, നീണ്ട താടിയും കൈയിൽ മാന്ത്രികവടിയുമായി നിൽക്കുന്ന മാന്ത്രികന്റെ ചിത്രം.

നല്ലൊരു ചായപ്പെൻസിൽ വേണം എന്ന ആഗ്രഹം ഉണ്ണിക്കുട്ടനുണ്ട്. പക്ഷേ, ഈ മോഹം അവൻ ആരോടു പറയും? തനിക്ക് ഭക്ഷണം തരാൻതന്നെ പാടുപെടുന്ന മുത്തശ്ശിയോടോ? മോഹം ഉള്ളിലൊതുക്കി അവൻ ഉറങ്ങാൻ കിടന്നു.

ഉറക്കത്തിൽ ഒരു സ്വപ്നം അവനെത്തേടിയെത്തി. അതാ, പുകച്ചുരുളുകളിൽനിന്ന് ഒരു താടിക്കാരൻ പ്രത്യക്ഷപ്പെടുന്നു. ഉണ്ണിക്കുട്ടൻ നേരത്തേ വരച്ച അതേ മാന്ത്രികൻ. ചുമരിലെ ചിത്രം പതുക്കെ ഇളകി. നേർത്ത മൂടൽമഞ്ഞുപോലെ മാന്ത്രികൻ ചിത്രത്തിൽ നിന്നിറങ്ങി ഉണ്ണിക്കുട്ടന്റെ മുന്നിലെത്തി. ഒരു സ്വർണപ്പെൻസിൽ അവനു സമ്മാനിച്ച് അപ്രത്യക്ഷനായി. ഞെട്ടിയുണർന്നപ്പോൾ മാന്ത്രികനെ കാണാനില്ല. അതാ സ്വർണപ്പെൻസിൽ മുന്നിൽ! ഇത് സത്യമാണോ? ഉണ്ണിക്കുട്ടന് വിശ്വാസം വന്നില്ല. ചുമരിൽ അവൻ സ്വർണപ്പെൻസിൽ കൊണ്ട് ഒരു പൂച്ചയുടെ ചിത്രം വരച്ചു. തീരേണ്ട



താമസം, പൂച്ച ചെവിയിളക്കി, വാലിളക്കി, മീശമിനുക്കി ചുമരിൽ നിന്ന് മെല്ലെ ഇറങ്ങിവന്നു. മ്യാവൂ... എന്നു കരഞ്ഞുകൊണ്ട് ഉണ്ണിക്കുട്ടന്റെ കാലിൽ മുഖമുരസി. പൂച്ച നടന്നുപോയി. അവൻ പിന്നെ കാക്കയുടെയും കുരങ്ങിന്റെയും ചിത്രം വരച്ചു. അയൽവീട്ടിലെ കുട്ടികൾ വിശന്നിട്ടല്ലേ കരയുന്നത്? എന്തു ചെയ്യും? കുട്ടികളുടെ അടുത്തേക്ക് അവൻ ഓടി. ആ വീട്ടുചുമരിൽ ഒരു കൂറ്റൻ അപ്പത്തിന്റെ ചിത്രം അവൻ വരച്ചു. വരച്ചുതീർന്നപ്പോഴേക്കും മൊരിഞ്ഞ അപ്പത്തിന്റെ കൊതിപ്പിക്കുന്ന

മണം അവിടെയെല്ലാം പരന്നൊഴുകി. അപ്പം ചുമരിൽ നിന്നിറങ്ങി പറന്നുപറന്ന് വിശന്ന് കരയുന്ന കുട്ടികൾക്കിടയിൽ ചെന്നിരുന്നു. കുട്ടികൾ മതിയാവോളം ഭക്ഷിച്ചു.

അതിനുമപ്പുറത്തെ വീട്ടിലെ കൃഷിക്കാരന്റെ കാള ചത്തിട്ട് ഒരാഴ്ചയായി. ഇനിയും വയൽ ഉഴുതിട്ടില്ല. ഇന്നോ നാളെയോ എന്ന മട്ടിൽ കാർമേഘങ്ങൾ ആകാശത്തു നിറഞ്ഞു നിൽക്കുകയാണ്. ഉണ്ണിക്കുട്ടൻ അങ്ങോട്ട് നടന്നു. ചുമരിൽ കാളയുടെ ചിത്രം വരച്ചു. കാള ചുമരിൽ നിന്നിറങ്ങി പച്ചപ്പുല്ല് കണ്ടതുപോലെ വയലിലേക്കോടി. വിവരം നാടുമുഴുക്കെ പാട്ടായി.

എല്ലാവരും ഉണ്ണിക്കുട്ടന്റെ മാന്ത്രികപ്പെൻസിലിനെ കുറിച്ച് പറയാൻ തുടങ്ങി. വാർത്ത രാജാവിന്റെ ചെവിയിലുമെത്തി. രാജ്ഞിയും വിവരമറിഞ്ഞു. സ്വർണത്തിന് ദുരമൂത്ത രാജ്ഞിക്ക് സ്വർണമാമ്പഴം കായ്ക്കുന്ന മരം കിട്ടിയേ തീരൂ. ദൂതൻമാർ വന്നു. ഉണ്ണിക്കുട്ടൻ കൊട്ടാരത്തിലേക്ക് പോയില്ല. ആനയും അമ്പാരിയും വന്നു. അവരെയും മടക്കി അയച്ചു. പിറ്റേന്നതാ, നേരംപുലരുമ്പോൾ മുറ്റം നിറയെ പട്ടാളക്കാർ! കൊട്ടാരത്തിൽ ചെന്നില്ലെങ്കിൽ ഉണ്ണിക്കുട്ടനെ കൊന്നുകളയുമെന്ന് അവർ ഭീഷണിപ്പെടുത്തി.

ഗത്യന്തരമില്ലാതെ ഉണ്ണിക്കുട്ടൻ അവർക്കു വഴങ്ങി. കൊട്ടാരത്തിൽ മലയോളം വലുപ്പമുള്ള ചുമരൊരുങ്ങി.

രാജാവും രാജ്ഞിയും എഴുന്നള്ളി. രാജാവിന്റെ കൽപ്പന മുഴങ്ങി. ഉണ്ണിക്കുട്ടൻ ചുമരിൽ സ്വർണ മാമ്പഴം കായ്ച്ചു നിൽക്കുന്ന മാവിന്റെ ചിത്രം വരച്ചു. ചിത്രത്തിലെ വരകൾ മഞ്ഞയും പച്ചയും ആയി മാറി. അതിൽ നിറയെ സ്വർണമാമ്പഴങ്ങൾ തൂങ്ങിയാടി. കൊതി മൂത്ത രാജ്ഞി മരത്തിനടുത്തേക്ക് ഓടാൻ ഒരുങ്ങുന്ന തുകണ്ട ഉണ്ണിക്കുട്ടന് ഒരു കുസൃതി തോന്നി. ഒറ്റവര കൊണ്ട് മരത്തിന് ചുറ്റും അവൻ കടൽ തീർത്തു. ഇളകി യാർന്ന പെരുങ്കടൽ.......

"മരത്തിനടുത്തേക്ക് പോകാൻ തോണി വരയ്ക്കൂ." രാജാവ് കൽപ്പിച്ചു. രാജാവും രാജ്ഞിയും തോണിയിൽ കയറി യാത്രയായി. അതാ, അവർ സ്വർണമരത്തിന് അടുത്തെത്താറായി. തിരിച്ചെത്തിയാലുടനെ രാജാവ് തന്റെ കഥകഴിക്കും. ഉണ്ണിക്കുട്ടൻ ഉറച്ചു.



ഉണ്ണിക്കുട്ടൻ വീണ്ടും സ്വർണപ്പെൻസിൽ കൈയിലെടുത്തു. ചുമരിനടുത്തേക്ക് നീങ്ങി. രണ്ടും കൽപ്പിച്ച് ഒരു വരവരച്ചു. അതാ ഒരു കൂറ്റൻ തിമിംഗലം.



# 2
# കുറുവാലിയും കൂട്ടുകാരും

ഝിൽ... ഝിൽ... ഝിൽ...

കുറുവാലിയണ്ണാൻ
കർപ്പൂരമാവിൻകൊമ്പിൽ
ചാടികളിക്കുന്നു.

സുഹ്റ കുഞ്ഞാറ്റപ്പാവ
യെയും തോളിൽ കിടത്തി
ക്കൊണ്ടു മുറ്റത്തേക്കിറങ്ങി.

കുറുവാലി : അല്ല ഇതാരാ!
അമ്മേം
കുഞ്ഞു
വാവേം
വന്നല്ലോ...

സുഹ്റ : ഓ... കളിയാ
ക്കല്ലേ.

നിന്നെക്കാളും സുന്ദരിയാ എന്റെ കുഞ്ഞാറ്റ...

കുറുവാലി : സുന്ദരിയൊക്കെത്തന്നെ... പക്ഷേ, ഇത്രനാളായിട്ടും നിന്റെ പാവക്കുഞ്ഞിന് ഒരു മാറ്റവുമില്ലല്ലോ.

സുഹ്റ : ആരു പറഞ്ഞു?
എന്റെ കുഞ്ഞാറ്റ
തലേം ചീകി,
പൊട്ടും തൊട്ട്,
കുഞ്ഞുടുപ്പുമിട്ട്...
മിടുമിടുക്കിയായല്ലോ.



കുറുവാലി: എന്നാലും നിന്റെ
കുഞ്ഞ്
എന്നും ഒരു
പോലെത്തന്നെ.
എന്റെ കുഞ്ഞിനെ നോക്ക്.

സുഹ്റയ്ക്കു വിഷമമായി. അവൾ ഉമ്മയുടെ അടുത്തെത്തി.

“എന്റെ കുഞ്ഞാറ്റയ്ക്കു മാത്ര മെന്താ ഉമ്മാ ഒരു മാറ്റവുമില്ലാത്തേ?...” അവൾ ചോദിച്ചു.

കർപ്പൂരമാവിന്റെ മുകളറ്റത്തെ ചില്ലയിലാണു കുറുവാലിയുടെ കൂട്. ഭംഗിയുള്ള കൂട്. കൂട്ടിൽ ചേലുള്ള ഒരു അണ്ണാൻകുഞ്ഞും.

അടുത്തുള്ള ചെന്തെങ്ങിൽ കറുമ്പിക്കാക്കയും കൂടുണ്ടാക്കാൻ തുടങ്ങി. ചുള്ളിക്കമ്പും മുള്ളും നാരും ചേർത്തുവച്ചു. എത്രയായിട്ടും കൂടിനൊരു ചന്തവുമില്ല.

കുറുവാലിയുടെ കൂടു കാണക്കാണെ കറുമ്പിക്ക് അസൂയമൂത്തു.

കുറുവാലി തീറ്റ തേടിപ്പോയി. ആ തക്കം നോക്കി കറുമ്പി കൂടിനിട്ടൊരു കൊത്ത്. കൂട് ഇളകി താഴേക്ക്...

താഴത്തെ ചില്ലകൾ കൂടു താങ്ങിനിർത്താൻ നോക്കി. പക്ഷേ...

പ്ധും... ചുവട്ടിലെ കല്ലിൽ തട്ടി കൂടു ചിതറി.

കീ... കീ... കീ... അണ്ണാൻകുഞ്ഞ് വേദനകൊണ്ടു നിലവിളിച്ചു.

“അയ്യോ! കഷ്ടം... കാലു മുറിഞ്ഞല്ലോ... ചോര വരുന്നല്ലോ... വിവരം എങ്ങനെ കുറുവാലിയെ അറിയിക്കും?”

കർപ്പൂരമാവ് വിഷമത്തിലായി.

സുഹ്റ ഒന്നു വന്നിരുന്നെങ്കിൽ...

“സുഹ്റ ഒന്നു വന്നിരുന്നെങ്കിൽ” എന്ന് കർപ്പൂരമാവ് വിചാരിച്ചു.

അണ്ണാൻകുഞ്ഞിന്റെ കരച്ചിൽ കേട്ടു സുഹ്റ ഓടിയെത്തി. കർപ്പൂരമാവു നടന്നതെല്ലാം പറഞ്ഞു.

കുറുവാലിയോട് ആരാ പോയി പറയ്വാ? കിന്നരിപ്പൂമ്പാറ്റയോടു പറഞ്ഞാലോ?...

അവൾക്കാണെങ്കിൽ വേഗത്തിൽ പറക്കാൻ കഴിയും. കിന്നരിയോടു സുഹ്റ കാര്യം പറഞ്ഞു. കിന്നരി കുറുവാലിയെത്തേടി പറന്നു.

ആവണിപ്പാടത്തിനക്കരെ...ഞാവൽമരക്കൊമ്പിൽ കുറുവാലിയെ കണ്ടെത്തി.

മീ... മീ... മീ... വേദനകൊണ്ടു കുഞ്ഞനണ്ണാൻ ഞരങ്ങി കരയുകയാണ്. തകർന്നു ചിതറിക്കിടക്കുന്ന കൂട്.

വാർത്ത കേട്ടറിഞ്ഞു കൂട്ടുകാരെല്ലാം എത്തിയിട്ടുണ്ട്.

“ഞാനും കുഞ്ഞും ഇനി എവിടെയാ താമസിക്ക്വാ?”

കുറുവാലിയുടെ കണ്ണുനിറഞ്ഞു.

“നീ വിഷമിക്കാതെ കുറുവാലീ, ഞങ്ങൾ സഹായിക്കാം.” സുഹ്റ സമാധാനിപ്പിച്ചു. കൂടുകെട്ടാൻ വേണ്ട സാധനങ്ങൾ കൊണ്ടുവരാനായി കൂട്ടുകാർ പിരിഞ്ഞു.

“അതാ... ചിന്നൻ മുയൽ ചാടിച്ചാടി വരുന്നുണ്ട്.” കർപ്പൂരമാവ് വിളിച്ചുപറഞ്ഞു. തുടർന്നു മറ്റുള്ളവരുടെ വരവും വിളിച്ചു പറയാൻ തുടങ്ങി.

എല്ലാവരും ഒത്തുചേർന്നപ്പോൾ കൂടുപണി വേഗം തീർന്നു. അഴകുള്ള കൂട്... ഉറപ്പുള്ള കൂട്...

ക്ഷീണിച്ചവർക്കു മാവ് കർപ്പൂരമാമ്പഴം നൽകി.

ചിന്നൻമുയൽ വലിയ ഗമയിലാണ്... പൊക്കനെലിയെ നോക്കി അവൻ വീമ്പു പറഞ്ഞു:

“നിന്നെക്കാൾ 7 മാമ്പഴം കൂടുതലുണ്ടെനിക്ക്.”

ഇതു കേട്ടു മറ്റുള്ളവരും വീമ്പു പറയാൻ തുടങ്ങി.

# 3
# കണ്ണുണ്ടായാൽ പോരാ കാണണം

"എന്ത് നിങ്ങൾ അയാളുടെ ഒട്ടകത്തേയും അതിനു പുറത്തു സവാരി ചെയ്തിരുന്നവരേയും കണ്ടില്ലെന്നോ. ഒട്ടകം വളരെ വലുതാണ്. അതിന്റെ ഒരു കണ്ണിനു കാഴ്ച യില്ല. സവാരിക്കാർ ഒരു സ്ത്രീയും കുട്ടിയുമാണ്, എന്നെല്ലാം കൃത്യമായി പറഞ്ഞ നിങ്ങൾ ഒട്ടകത്തെയും യാത്രക്കാരെയും കണ്ടിട്ടേയില്ലെന്നു പറഞ്ഞാൽ ആരു വിശ്വസിക്കും. സത്യം പറയൂ. എവിടെ ഇയാളുടെ സഹോ ദരിയും കുട്ടിയും ഒട്ടകവും." നാടുവാഴി ക്രുദ്ധനായി.

"തിരുമേനീ, ഞങ്ങൾ പറയുന്നത് സത്യമാണ് ഞങ്ങളെ വിശ്വസിച്ചാലും. ഞങ്ങൾ ഇയാളുടെ സഹോദരിയേയും കുട്ടിയേയും കണ്ടിട്ടേയില്ല. ഒട്ടകത്തെ മോഷ്ടിച്ചിട്ടുമില്ല." സഹോദരന്മാർ പറഞ്ഞു.

"പിന്നെ കാണാത്ത കാര്യങ്ങൾ നിങ്ങൾക്കെങ്ങനെ കൃത്യമായി പറയാൻ കഴിയുന്നു." നാടുവാഴി ചോദിച്ചു.

"പ്രഭോ, എല്ലാക്കാര്യങ്ങളും സൂക്ഷ്മമായി ശ്രദ്ധിക്കാനും മനസ്സിരുത്തി ചിന്തിക്കാനും മാതാപിതാക്കൾ ചെറുപ്പത്തിലേ ഞങ്ങളെ ശീലിപ്പിച്ചിട്ടുണ്ട്. യാത്രയ്ക്കിടയിൽ പല കാര്യങ്ങളും ഞങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചിരുന്നു. അതുകൊണ്ടാണ് ഇതെല്ലാം പറയാൻ കഴിഞ്ഞത്."

"നേരിൽ കാണാതെതന്നെ നിങ്ങൾ കാര്യങ്ങൾ മനസ്സിലാക്കുമെന്നാണല്ലോ പറഞ്ഞു വരുന്നത്. എങ്കിൽ അതറിഞ്ഞിട്ടുതന്നെ കാര്യം."

നാടുവാഴി മന്ത്രിയെ വിളിച്ചു ചെവിയിലെന്തോ മന്ത്രിച്ചു. മന്ത്രി പുറത്തേക്കുപോയി. താമസിയാതെ മടങ്ങിവന്നു. കൂടെ ഒരു ഭൃത്യനും. അയാൾ ഒരു വലിയ പെട്ടി തലയിലേറ്റിയിരുന്നു. പെട്ടി എല്ലാവരും കാൺകെ അവിടെ ഇറക്കിവച്ചു.

"ഈ പെട്ടിയിൽ എന്താണുള്ളത്? ഉത്തരം പറയുവിൻ." നാടുവാഴി ആജ്ഞാപിച്ചു.

മൂത്ത സഹോദരൻ പറഞ്ഞു. "പെട്ടിയ്ക്കുള്ളിൽ ഒരു ചെറിയ ഉരുണ്ട സാധനമാണുള്ളത്."

"അതൊരു മാതളനാരങ്ങയാണ്." രണ്ടാമൻ കൂട്ടിച്ചേർത്തു.

"മാതള നാരങ്ങ പാകമാകാത്തതാണ്." മൂന്നാമൻ വ്യക്തമാക്കി.

പെട്ടി തുറക്കൂ. നാടുവാഴി കൽപ്പിച്ചു. മന്ത്രി പെട്ടി തുറന്നു. അദ്ഭുതം. പെട്ടിക്കുള്ളിൽ പാകമാകാത്ത മാതള നാരങ്ങ തന്നെ.

"ഇതിനുള്ളിൽ മാതള നാരങ്ങയാണെന്നു പറയാൻ നിങ്ങൾക്കെങ്ങനെ കഴിഞ്ഞു?" നാടുവാഴി ആകാംക്ഷാ പൂർവ്വം ചോദിച്ചു.

മൂത്ത സഹോദരൻ പറഞ്ഞു: "പെട്ടി തലയിലേറ്റി ക്കൊണ്ടു വരുന്നതു കണ്ടപ്പോൾ തന്നെ അതിന് ഭാരം കുറവാണെന്ന് മനസ്സിലായി. അതു താഴെ ഇറക്കി വയ്ക്കുമ്പോൾ ഒരു ചെറിയ സാധനം ഒരു ഭാഗത്തു നിന്നും മറ്റൊരു ഭാഗത്തേയ്ക്ക് ഉരുണ്ടുപോകുന്ന ശബ്ദം ഞാൻ വ്യക്തമായി കേട്ടു."

"പെട്ടി കൊണ്ടുവന്നതു മാതളത്തോട്ടത്തിന്റെ ഭാഗത്തുനിന്നു മാണ്. ഉരുണ്ടതും ചെറുതുമായ ഒരു സാധനമാണ് അതിനു ള്ളിൽ. ആ നിലയ്ക്ക് അത് മാതളനാരങ്ങയാവും എന്നു ഞാൻ അനുമാനിച്ചു."

"മാതള നാരങ്ങ പഴുത്തതല്ലെന്ന് നിങ്ങൾക്കെങ്ങനെ പറയാനായി." നാടുവാഴി ഇളയസഹോദരനോടു ചോദിച്ചു.

"പ്രഭോ ഇപ്പോൾ മാതള നാരങ്ങ പഴുക്കുന്ന കാലമ ല്ലല്ലോ." അതുകൊണ്ടാണ് എനിക്കിത് പറയാനായത്.

ഇത്രയും കേട്ടപ്പോൾ നാടുവാഴിക്ക് അവർ കള്ളൻമാരല്ലെന്ന് ബോധ്യമായി.

“നിങ്ങൾ സമർഥൻമാർ തന്നെ. ഒട്ടകത്തെയും അതിന്റെ പുറത്തെ സവാരിക്കാരെയുംകുറിച്ച് എങ്ങനെ യാണ് മനസ്സിലായത്. അതുകൂടി പറയൂ.” നാടുവാഴിക്ക് ജിജ്ഞാസയേറി.

“മണ്ണിൽകണ്ട വലിയ കാൽപ്പാടുകൾ ഒട്ടകത്തിന്റെ വലുപ്പം മനസ്സിലാക്കാൻ സഹായിച്ചു.” മൂത്ത സഹോദ രൻ പറഞ്ഞു.

“വഴിയുടെ വലത് ഭാഗത്തുള്ള പുല്ലുകൾ മാത്രമേ ഒട്ടകം തിന്നിരുന്നുള്ളു. ഇടതുഭാഗത്താണ് ധാരാളം പുല്ലു ണ്ടായിരുന്നത്. എന്നാൽ വലതുഭാഗത്ത് പുല്ലില്ലാത്തിടങ്ങ ളിൽ പോലും ഇടതു വശത്തെ പുല്ലുകൾ ഒട്ടകം കടിച്ചിരു ന്നില്ല. ഇതിൽ നിന്നാണ് ഇതിന് ഇടതു കണ്ണിന് കാഴ്ചയി ല്ലെന്ന് ഞാൻ മനസ്സിലാക്കിയത്.” രണ്ടാമൻ പറഞ്ഞു.

“ഒട്ടകം ഒരിടത്തു മുട്ടുകുത്തിയ പാട് ഞാൻ കണ്ടു. അതിനടുത്ത് സ്ത്രീകൾ ഉപയോഗിക്കുന്ന പ്രത്യേക തരം ചെരുപ്പിന്റെ അടയാളവും അവിടെത്തന്നെ തീരെ ച്ചെറിയ കാൽപാടുകളും ഉണ്ടായിരുന്നു. ഒരു സ്ത്രീയും കുട്ടിയുമാണ് സവാരിക്കാർ എന്ന് എനിക്കു മനസ്സിലായി. ഇളയ സഹോദരൻമാർ വിശദീകരിച്ചു.”

വിശദീകരണം കേട്ട നാടുവാഴിക്ക് അവരുടെ അസാധാരണമായ നിരീക്ഷണ പാടവത്തിൽ വലിയമതിപ്പുണ്ടായി. നാടുവാഴി പരാതിക്കാരനെ നോക്കിപ്പറഞ്ഞു.

“ഇപ്പോൾ നിങ്ങൾക്കും മനസ്സിലായില്ലേ ഇവർ നിരപരാധികളാണെന്ന്. കണ്ണും കാതും ഉപയോഗിക്കാൻ പഠിച്ചവരാണിവർ. നിങ്ങളോടും എനിക്കൊന്നേ പറയാനുള്ളു കണ്ണുണ്ടായാൽ പോരാ കാണണം.”

# 4
# പനിനീർപ്പൂവ്

**വീ**ട്ടുമുറ്റത്തെ പനിനീർച്ചെടി ആദ്യമായി പൂക്കുകയാണ്. പനിനീർപ്പൂവ് പതുക്കെ കണ്ണുമിഴിച്ചു. കണ്ണുകളിൽ പറ്റിനിൽക്കുന്ന മഞ്ഞുതുള്ളികൾ കുടഞ്ഞുകളയാൻ വേണ്ടി അവൾ മുഖമൊന്നു കുലുക്കി. അവളെ സഹായിക്കാൻ ഒരു നേരിയ കുളിർകാറ്റ് എത്തി. 'ടപ്പ് ടപ്പ്' എന്ന് മൂന്നുനാലു മഞ്ഞുതുള്ളി നിലത്തു വീണു.



“നീയെന്താ, കരയുകയാണോ?” തലേദിവസം വിരിഞ്ഞ ഒരു ചെമ്പരത്തിപ്പൂവ് ചോദിച്ചു.

“അല്ല.” പുഞ്ചിരികൊണ്ടു തുടുത്തു വിടർന്ന മുഖവുമായി പനിനീർപ്പൂവ് മറുപടി പറഞ്ഞു. “ഈ സുന്ദര ലോകത്തിൽ ആരെങ്കിലും കരയുമോ? നോക്കൂ, അതാ കിഴക്ക് സൂര്യനുദിക്കുന്നു. കണ്ണെടുക്കാൻ തോന്നുന്നില്ല. എന്തൊരു ചന്തം!”


“ഉം. കാണാം. കുറച്ചുകൂടി കഴിയട്ടെ. സൂര്യൻ നിന്നെ വാട്ടിപ്പൊരിക്കും.”

“എന്തൊരു സുഖമുള്ള കാറ്റ്!” ചെമ്പരത്തിപ്പൂവ് പരിഹാസത്തോടെ ചിരിച്ചു.

അപ്പോൾ വീട്ടിൽനിന്ന് നാലഞ്ചു വയസ്സു പ്രായമുള്ള ചെറിയൊരു കുട്ടി ഇറങ്ങിവന്നു.

“പുതിയൊരു പനിനീർ പ്പൂവ്. എന്തൊരു ഭംഗി!”

കുട്ടി ചെടിയുടെ അടുത്തു വന്ന് പൂവിറുക്കാൻ കൈ നീട്ടി. പനിനീർപ്പൂവ് പേടിച്ചു വിറച്ചു. അവൾ കഴിയുന്നത്ര തല പൊക്കിപ്പിടിച്ച് ഇളകാതെ നിന്നു. ചെമ്പരത്തിപ്പൂവ് ചിരിച്ചു.



"ആയ്! എത്തുന്നില്ല." കുട്ടി പറഞ്ഞു.

ഒരിളംകാറ്റ് വീശി. കള്ളക്കാറ്റ്. ചെടിയുടെ ചില്ലയ്ക്കു തല കുനിക്കേണ്ടിവന്നു; കൂടെ മനസ്സില്ലാമന സ്സോടെ പൂവിനും. കുട്ടിയുടെ കൈ പൂവിന്റെ തണ്ടിന്മേൽ തൊട്ടു. ഒരു നിമിഷം എല്ലാം നശിച്ചുകഴിഞ്ഞുവെന്ന് പൂവ് ഭയപ്പെട്ടു. ചെമ്പരത്തിപ്പൂവുപോലും ശ്വാസമടക്കി നിന്നു.

പക്ഷേ, സഹോദരനായ മുള്ള് ഇത്തവണ പൂവിനെ രക്ഷിച്ചു. കുട്ടിയുടെ കൈയിന്മേൽ മുള്ളു തറച്ച് ചോര വന്നു. കുട്ടി കരഞ്ഞുകൊണ്ട് ഓടിപ്പോയി.

"നീ ഇപ്പോഴും വിളറി നിൽക്കുന്നതെന്തിന്? ഇനി കുറച്ചു നേരത്തേക്ക് ഒന്നും പേടിക്കാനില്ല." മുള്ള് പറഞ്ഞു.

"എന്റെ കഥ കഴിഞ്ഞുവെന്നുതന്നെ ഞാൻ വിചാ രിച്ചുപോയി." പൂവ് പറഞ്ഞു.

"നീ വിചാരിച്ചതുപോലെ സുന്ദരമല്ല ലോകമെന്ന് നിനക്കു മനസ്സിലായോ?" ചെമ്പരത്തിപ്പൂവ് ചോദിച്ചു.

വെയിലിനു ചൂടു കൂടിത്തുടങ്ങി. പനിനീർപ്പൂവിന് ദാഹവും തളർച്ചയും തോന്നി. അവളുടെ മുഖം മങ്ങി. ചെമ്പരത്തിപ്പൂവ് വാടിച്ചുരുങ്ങി, ഒരു കാറ്റു വീശിയാൽ വീഴുമെന്ന നിലയിലായി.

ആ സമയത്ത് ഒരു യുവതി വീട്ടിനകത്തു നിന്ന് ഇറങ്ങിവന്നു. പുതിയ പനിനീർപ്പൂവു കണ്ട് അവളും നോക്കിനിന്നു.

യുവതി പൂവിറുക്കാൻ കൈനീട്ടി. ഇതാ, ജീവിതം അവസാനിക്കുകയായി, പൂവ് വിചാരിച്ചു. അവൾ കരഞ്ഞുകൊണ്ട് ചെമ്പരത്തിപ്പൂവിനോടു യാത്രചോദിച്ചു. ചെമ്പരത്തിപ്പൂവ് വ്യസനത്തോടെ തലയാട്ടിക്കൊണ്ട് ഞെട്ടറ്റു നിലത്തു വീണു. കൂർത്ത കല്ലിന്മേൽ ബോധമറ്റു കിടക്കുന്ന ചെമ്പരത്തിപ്പൂവിനെ നോക്കിനിന്ന പനിനീർപ്പൂവ് സ്വന്തം വേദനകൾ മറന്നു.

അപ്പോൾ അകത്തുനിന്ന് ആരോ യുവതിയെ വിളിച്ചു. അവൾ പൂവിറുക്കാൻ നിൽക്കാതെ ധൃതിപ്പെട്ടു പോയി.

“ഇത്തവണയും ഞാൻ രക്ഷപ്പെട്ടു!” പനിനീർപ്പൂവ് ആഹ്ലാദിച്ചു. ചെമ്പരത്തിപ്പൂവ് മറുപടി പറഞ്ഞില്ല. അവൾ മരിച്ചുകഴിഞ്ഞിരുന്നു.

ഉച്ചവെയിലത്ത് വാടിപ്പൊരിഞ്ഞു നിൽക്കുമ്പോൾ, പനിനീർപ്പൂവ് ചെമ്പരത്തിപ്പൂവിനെ ഓർത്തു.

വെയിലാറിയപ്പോൾ, വൃദ്ധയായ ഒരു സ്ത്രീ വീട്ടിനകത്തു നിന്നു വന്നു. “ഈ പുതിയ പൂവ് ഞാൻ ഇതുവരെ കണ്ടില്ലല്ലോ. പൂജയ്ക്കു പറ്റിയ പൂവാണല്ലോ ഇത്.”

ഇങ്ങനെ പറഞ്ഞുകൊണ്ട് ആ സ്ത്രീ പൂവ് പറിച്ചെടുത്തു.

പെട്ടെന്നു വന്നുചേർന്ന ഈ ആപത്തിൽ പൂവ് ഉള്ളുരുകിക്കരഞ്ഞു.

"എന്നെക്കൊണ്ട് പ്രയോജനമുണ്ടായില്ലല്ലോ!" മുള്ള് വേദനപ്പെട്ടു.

"മകളേ, ഓമനമകളേ!" ആ ചെടി വിലപിച്ചു.

അമ്മയെ വിളിച്ചു കരഞ്ഞുകൊണ്ട്, നിസ്സഹായയായി, പനിനീർപ്പൂവ് വൃദ്ധയുടെ കൈക്കുടന്നയിൽ കിടന്നു.

# 5
# ചെറിയ മനുഷ്യൻ

**കൊ**ടുങ്കാറ്റിൽപ്പെട്ട് കപ്പൽ ആടിയുലഞ്ഞു. വൻതിരമാല കപ്പലിനെ വിഴുങ്ങാനെന്നവണ്ണം ഉയർന്നു.

പഠിച്ച പണി പതിനെട്ടും നോക്കിയിട്ടും കപ്പിത്താന് കപ്പൽ നിയന്ത്രിക്കാനായില്ല.

പോരാത്തതിന് തോരാത്ത മഴയും.

കപ്പൽ ഇപ്പോൾ എവിടെയാണ്? അറിയാൻ ഒരു മാർഗവുമില്ല.

സഞ്ചാരമാർഗത്തിൽനിന്ന് അത് വളരെ മാറിപ്പോയിരിക്കുന്നുവെന്നുമാത്രം അറിയാം.



ക്രമേണ കാറ്റടങ്ങി.

മഴ നിലച്ചു.

എവിടെയാണ് കപ്പൽ എത്തിയിരിക്കുന്നത്?

എല്ലാവരും ചുറ്റും നോക്കി. ഒരെത്തും പിടിയുമില്ല. കര കാണാനാകുമോ എന്ന പ്രതീക്ഷയോടെ സകലരും ചുറ്റും നോക്കിക്കൊണ്ടിരുന്നു.

പെട്ടെന്നാണ് അവരുടെ കണ്ണിൽ ഒരു പൊട്ടുപോലെ ആ ദ്വീപ് പ്രത്യക്ഷപ്പെട്ടത്. എല്ലാവർക്കും ആശ്വാസമായി. അവർ കപ്പൽ ആ ദ്വീപിലേക്ക് അടുപ്പിച്ചു.

കപ്പലിൽ ശുദ്ധജലം തീർന്നിരിക്കുന്നു. വെള്ളം ശേഖരിക്കാതെ യാത്രചെയ്യാനാവില്ല. കപ്പിത്താന്റെ നിർദേശമനുസരിച്ച് ഗളിവറും ഏതാനും കൂട്ടുകാരും ചെറിയ ഒരു തോണിയിൽ കയറി കരയിലേക്കു തിരിച്ചു. അവർ കരയിൽ ഇറങ്ങി.

വരണ്ട ദ്വീപ്. ഗളിവർ ഒരു വഴിക്കും മറ്റുള്ളവർ മറ്റൊരു വഴിക്കും വെള്ളം തിരക്കിപ്പോയി. കുറേ ദൂരം നടന്നപ്പോൾ പാറക്കെട്ടുകൾ കണ്ട് ഗളിവർ തിരിച്ചു നടന്നു.

അപ്പോഴാണ് കൂട്ടുകാർ തോണി ഇറക്കുന്നത് ഗളിവർ കണ്ടത്.

"ഹേയ് നിൽക്കൂ, നിങ്ങൾക്കെന്തു പറ്റി?" ഗളിവർ വിളിച്ചുകൂവി. പക്ഷേ, ആ ശബ്ദം അവർ കേട്ടില്ല.

ഗളിവർ കടൽക്കരയോളം ഓടി. “എന്താ ഇത്! ” ഗളിവർ ഞെട്ടിവിറച്ചു. ആകാശം മുട്ടെ വലുപ്പമുള്ള ഒരു ഭീകര മനുഷ്യൻ കടലിലേക്കു ചാടുന്നു..... ഗളിവർ തിരിഞ്ഞോടി. പാറക്കൂട്ടത്തിനടുത്തെത്തി. പാറയിൽ പൊത്തിപ്പിടിച്ചുകയറി. മുകളിലെത്തി.

അവിടത്തെ കാഴ്ചയും ഗളിവർക്കു വിശ്വസിക്കാനായില്ല.

നോക്കെത്താദൂരത്തോളം ബാർലിപ്പാടങ്ങൾ. എന്താ ബാർലിച്ചെടിയുടെ ഉയരം! ഗോപുരത്തോളം. ഓരോ ബാർലിച്ചെടിയെയും ബാർലിമരമെന്നു തന്നെ വിളിക്കാം.....

പെട്ടെന്ന് ഗളിവർ ഒരു മുഴക്കം കേട്ടു.

അവൻ ദൂരെ നോക്കി. ഭീമാകാരന്മാരായ കുറേപ്പേർ ബാർലി അരിഞ്ഞെടുക്കാൻ വരുകയാണ്. ഭയന്ന ഗളിവർ ബാർലിച്ചെടികൾക്കിടയിൽ ഒളിച്ചു.

പക്ഷേ, വിന തീർന്നില്ല.

ഒരു ഭീകരൻ ഗളിവർ ഒളിച്ച ബാർലി കൊയ്യാൻ അടുക്കുന്നു.

നിമിഷങ്ങൾക്കുള്ളിൽ തന്റെ ജീവൻ...

“അയ്യോ! രക്ഷിക്കണേ.....”

ഗളിവർ നിലവിളിച്ചു.

ഭീകരരൂപനായ മനുഷ്യൻ അതു കേട്ട പോലെ.

അയാൾ കുനിഞ്ഞു സൂക്ഷിച്ചുനോക്കി.

അവരുടെ തന്നെ രൂപമുള്ള ഒരു ചെറുജീവി.

ആകാംക്ഷയോടെ ആ ഭീമാകാരൻ തള്ളവിരലും ചൂണ്ടുവിരലും ഉപയോഗിച്ച് ഗളിവറെ നുള്ളിയെടുത്ത് ഉള്ളംകൈയിൽ വച്ച് സൂക്ഷിച്ചുനോക്കി.

ഗളിവർ താഴേക്കു നോക്കി. കിടുകിടാ വിറച്ചു. അറുപതടിയോളം ഉയരത്തിലാണു താൻ! താഴേക്കു വീണാൽ! ഓർക്കാൻ വയ്യ.....

പക്ഷേ, ഭീമൻ ഗളിവറെ പോക്കറ്റിലിട്ടു. കൊയ്ത്തു കഴിഞ്ഞ് അയാൾ വീട്ടിലെത്തി.

വീടെന്നു പറയാൻ വയ്യ. ഒരു കോട്ട. മൈതാനം പോലുള്ള മുറികൾ.

ഭീമൻപാത്രങ്ങൾ. വീപ്പയേക്കാൾ വലുപ്പമുള്ള കപ്പുകൾ.

ഭീമാകാരൻ പോക്കറ്റിൽനിന്നു ഗളിവറെ പുറത്തെടുത്തു. വീട്ടിലുള്ള എല്ലാവരെയും പരിചയപ്പെടുത്തി. ചിലർ ഗളിവറെ തൊട്ടുനോക്കി. ചിലർ പൊക്കിയെടുത്തു.

താഴെ വീഴാതെ ഒരു വിധം ഗളിവർ രക്ഷപ്പെട്ടു.

അവർ ആഹാരം കഴിക്കാൻ തുടങ്ങുകയാണ്.

വീട്ടുകാരി ഗളിവറെ എടുത്ത് ഊണുമേശയ്ക്കു മുകളിൽ വച്ചു.

അവർ ഒരു വലിയ റൊട്ടിക്കഷണവും ഇറച്ചിക്കഷണവും ഗളിവറിനു നൽകി.

ഗളിവർ പോക്കറ്റിൽനിന്ന് കത്തിയും മുള്ളുമെടുത്ത് ആഹാരം കഴിക്കാൻ ആരംഭിച്ചു.

വീട്ടുകാർ ആ കാഴ്ച കൗതുകത്തോടെ നോക്കിയിരുന്നു.

അപ്പോഴാണ് കാളയോളം വലുപ്പമുള്ള ഒരു ജീവി മുറിയിലേക്കു കയറിവന്നത്.

ഗളിവറെത്തന്നെ ആ ജീവി സൂക്ഷിച്ചു നോക്കി. ഗളിവർ പേടിച്ചുവിറച്ചു. 'മ്യാവൂ- മ്യാവൂ' എന്നു കരഞ്ഞുകൊണ്ട് അതോടി. പൂച്ചയാണെന്നു മനസ്സിലായപ്പോൾ ഗളിവർ അദ്ഭുതപ്പെട്ടു. അപ്പോഴതാ ആനയോളം വലുപ്പമുള്ള മൂന്നു ജീവികൾ കയറിവരുന്നു. യജമാനന്റെ സമീപം എത്തി വാലാട്ടി നിന്നു.

അവ പട്ടികളാണെന്ന് ഗളിവർക്കു മനസ്സിലായി.

അവയെങ്ങാനും കടിച്ചാൽ....

ഗളിവർ ഭയന്നു. "രക്ഷിക്കണേ" എന്നു നില വിളിച്ചുപോയി.

വീട്ടുകാരൻ പട്ടികളെ ഓടിച്ചു.

സന്ധ്യ കഴിഞ്ഞു. ഗളിവറെ എവിടെ കിടത്തും? വീട്ടുകാരനും വീട്ടുകാരിയും ആലോചിച്ചു. "ഇവിടത്തെ എലികൾ മതി ഈ കൊച്ചുമനുഷ്യനെ തിന്നാൻ. ഇപ്പോ എന്താ ചെയ്ക?"

അവരുടെ മകൾ ഒരു ബുദ്ധി പറഞ്ഞു:

"എന്റെ പാവയെ കിടത്തുന്ന തൊട്ടിൽ മച്ചിൽ തൂക്കിയിടാം. നമുക്ക് ഈ കൊച്ചുമനുഷ്യനെ അതിൽ കിടത്താം." എല്ലാവർക്കും അതിഷ്ടമായി.

ഗളിവർ തൊട്ടിലിൽ കിടന്നു.



എലി, പട്ടി............ ഒന്നിനെയും ഇനി പേടിക്കണ്ട.

ക്ഷീണം കൊണ്ട് അറിയാതെ ഉറങ്ങിപ്പോയി.

ആ ഒൻപതുകാരി പെൺകുട്ടിയെ ഗളിവർക്കിഷ്ടമായി. അവൾ ഗളിവർക്ക് കുഞ്ഞുടുപ്പുകൾ തുന്നിക്കൊടുത്തു.

കൊച്ചുകൊച്ചു കാര്യങ്ങൾ അവർ തമ്മിൽ പറഞ്ഞു.

ആംഗ്യത്തിലൂടെയായിരുന്നു ആദ്യമൊക്കെ 'പറച്ചിൽ'. ക്രമേണ അവരുടെ ഭാഷ ഗളിവർ വശമാക്കി. 'ബ്രോബ് ഡിങ് നാങ്' എന്ന സ്ഥലത്താണ് താൻ എത്തിയതെന്നു ഗളിവർക്ക് അങ്ങനെ മനസ്സിലായി. അവൾ ഗളിവറെ ഗ്രിൽഡ്രിഗ് എന്നു വിളിച്ചു. 'കൊച്ചു മനുഷ്യൻ' എന്നാണ് ആ വാക്കിനർഥം.